പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3684 14.03.2017- ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം മെഡിക്കൽ കോളേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഡി.കെ. മുരളി : | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡോക്ടർമാർ നിർദ്ദേശിക്കുന്ന വിവിധയിനം പരിശോധനകൾ നടത്താൻ രോഗികൾ അലയേണ്ട സ്ഥിതി ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;<br>(ബി) പുതിയ സംവിധാനം ഏർപ്പെടുത്തിയതുമൂലം സർക്കാരിനുണ്ടാകുന്ന അധികച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വിവിധയിനം രക്ത പരിശോധനകൾക്കായി രോഗികളെ സഹായിക്കുവാൻ 40 ലാബ് ടെക്നീഷ്യന്മാരെ എച്ച്.ഡി.എസ് മുഖേന 'സേവനക്കൂട്ടം' എന്ന പേരിൽ ട്രെയിനികളായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് നിലവിൽ ശമ്പളമൊന്നും നൽകുന്നില്ല. ആയതിനാൽ നിലവിൽ സർക്കാരിന് അധികച്ചെലവ് ഉണ്ടാകുന്നില്ല. 8467 എന്ന നമ്പരിൽ ബന്ധപ്പെട്ടുകഴിഞ്ഞാൽ ഇവർ വാർഡുകളിലെത്തി രക്തസാമ്പിളുകൾ എടുത്ത് എച്ച്.ഡി.എസ് ലാബിൽ പരിശോധന നടത്തി പരിശോധനാ ഫലം വാർഡുകളിൽ എത്തിക്കുന്നു. രോഗികൾക്ക് എക്സറേ, സ്കാനിംഗ് മുതലായവയ്ക്കുള്ള കൂടുതൽ സൗകര്യങ്ങൾക്കായി പുതിയ കാഷ്വാലിറ്റിയുടെ പണികൾ അന്തിമഘട്ടത്തിനാണ്. |

സെക്ഷൻ ഓഫീസർ